(സി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള റേഷൻ കാർഡ് ഉടമകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഉണ്ട്.

(സി) പൊതുവിതരണ സമ്പ്രദായം ദുർബ്ബലപ്പെടുത്താതെയും സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകാതെയും ബി. പി. എൽ. കാർഡ് ലഭിച്ചിട്ടുള്ള അനർഹരായവരെ ആ വിഭാഗത്തിൽനിന്നും ഒഴിവാക്കുന്നതിനും ബി. പി. എൽ. കാർഡിന് അർഹതയുണ്ടായിട്ടും തെറ്റായി എ. പി. എൽ. കാർഡ് ലഭിച്ചിട്ടുള്ളവരെ കണ്ടെത്തി അവർക്ക് ബി. പി. എൽ. റേഷൻ കാർഡ് നൽകുന്നതിനുമായി ഒരു സാമ്പിൾ സർവ്വേ നടത്താൻ തീരുമാനിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള ഔട്ട്‌ലെറ്റുകൾ

63 [2052] ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ എത്ര ഔട്ട്‌ലെറ്റുകൾ ഉണ്ടായിരുന്നെന്നും, അവയിൽ മാവേലി സ്റ്റോറുകൾ, ലാഭം സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, മെഡിക്കൽ ഷോപ്പുകൾ എന്നിവ എത്ര വീതമായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ എത്ര ഔട്ട്‌ലെറ്റുകൾ ഉണ്ട് എന്നും അവയിൽ മാവേലി സ്റ്റോറുകൾ, ലാഭം സ്റ്റോറുകൾ, ശബരി ഷോപ്പുകൾ, സൂപ്പർ മാർക്കറ്റുകൾ, മെഡിക്കൽ ഷോപ്പുകൾ എന്നിവ എത്ര വീതമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ 901 ഔട്ട് ലെറ്റുകൾ ഉണ്ടായിരുന്നു. അവയിൽ 856 മാവേലി സ്റ്റോറുകളും 19 സൂപ്പർ മാർക്കറ്റുകളും 26 മെഡിക്കൽ സ്റ്റോറുകളുമാണ് ഉണ്ടായിരുന്നത്. ലാഭം സ്റ്റോറുകൾ ഉണ്ടായിരുന്നില്ല.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ 1089 ഔട്ട്‌ലെറ്റുകൾ ഉണ്ട്. അവയിൽ 870 മാവേലി സ്റ്റോറുകളും, 164 ലാഭം സ്റ്റോറുകളും, 10 സൂപ്പർ മാർക്കറ്റുകളും, 45 മെഡിക്കൽ ഷോപ്പുകളുമാണുള്ളത്. കൂടാതെ 902 ശബരി സ്റ്റോറുകളും ഉണ്ട്.

† അനുബന്ധം IV കാണുക.

LIBRARY ARCHIVES Kerala Legislative Assembly